പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 507 11.12.2012 ൽ മറുപടിയ്ക്ക്

## മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം

**ചോദ്യം**

ശ്രീ.സണ്ണി ജോസഫ്:
ശ്രീ.എം.എ.വാഹിദ്:
ശ്രീ.പി.എ.മാധവൻ:
ശ്രീ.ആർ.സെൽവരാജ്:

**ഉത്തരം**

ശ്രീ.ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. മോട്ടോർ വാഹന വകുപ്പിൽ നിലവിലുണ്ടായിരുന്ന എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്കുപുറമേ 12.12.2011-ൽ 17 സ്ക്വാഡുകൾ കൂടി പുതുതായി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ വിഭാഗത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തനവും എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനവും ചുവടെ കൊടുക്കുന്നു.<br>മോട്ടോർ വാഹന നിയമ ലംഘനങ്ങൾ കണ്ടെത്തി നടപടികൾ കൈക്കൊള്ളുക, പ്രത്യേകിച്ച് അമിത വേഗത, അമിത ഭാരം, മദ്യപിച്ച് വാഹനമോടിക്കുക എന്നിവയ്ക്കെതിരെ കർശന നടപടികൾ കൈക്കൊള്ളുക, ദേശീയപാതകളിലേയും അപകട സാധ്യത കൂടിയ സ്ഥലങ്ങളിലേയും വാഹന പരിശോധനകൾക്ക് പ്രത്യേകമായ ഊന്നൽ നൽകി റോഡപകടങ്ങൾ പരമാവധി കുറയ്ക്കുക, വാഹന നികുതി കുടിശ്ശിക വരുത്തുന്ന വാഹനങ്ങളുടെ പട്ടിക അതത് ആഫീസുകളിൽ നിന്ന് ശേഖരിച്ച് അതിന്മേൽ സത്വര നടപടികൾ കൈക്കൊണ്ട് സർക്കാരിന് പിരിഞ്ഞു |

| | | | |
|---|---|---|---|
| | | | കിട്ടേണ്ട വരുമാനം എത്രയും വേഗം ലഭ്യമാക്കുക ,ജി ഫോറം നൽകിയിട്ടുള്ള വാഹനങ്ങളുടെ പട്ടിക അതത് ആഫീസിൽ നിന്ന് വാങ്ങുകയും അതിൽ സൂചിപ്പിച്ചിട്ടുള്ള കാലയളവിൽ പ്രസ്തുത വാഹനങ്ങൾ സർവ്വീസ് നടത്തുന്നില്ല എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക, നികുതിയടക്കാതെയും മറ്റും സർവ്വീസ് നടത്തുന്ന വാഹനങ്ങൾ, പെർമിറ്റ് നിബന്ധനകൾക്ക് വിരുദ്ധമായി സംസ്ഥാനത്തിനകത്ത് സർവ്വീസ് നടത്തുന്ന വാഹനങ്ങൾ തുടങ്ങിയവ കണ്ടെത്തി നികുതിയും പിഴയും ഈടാക്കുക |
| (സി) | സംസ്ഥാനത്ത് എവിടെയൊക്കെ ഈ വിഭാഗം പ്രവർത്തിക്കുന്നുണ്ട്; | (സി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വകുപ്പിന്റെ സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ഡി) | ഈ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്ക് ആരുടെയൊക്കെ സഹായം പ്രയോജനപ്പെടുത്തുന്നുണ്ട്; വിശദമാക്കുമോ? | (ഡി) | വകുപ്പിന്റെ എല്ലാ സ്ക്വാഡുകളുടെയും പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതും മേൽ നോട്ടം വഹിക്കുന്നതും ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലെ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) എന്ന ഉദ്യോഗസ്ഥനാണ്. മേഖലാ തലത്തിൽ നാല് ആർ.ടി.ഒ.മാർ (എൻഫോഴ്സ്മെന്റ്) അവരുടെ കീഴിൽ പ്രവർത്തിക്കുന്ന സ്ക്വാഡുകളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നു. ഓരോ സ്ക്വാഡിലും (പുതുതായി രൂപീകരിച്ചത് ഉൾപ്പെടെ) ഒരു എം.വി.ഐ.യും രണ്ട് എ.എം.വി.ഐ.മാരും ഉണ്ട്. |

സെക്ഷൻ ഓഫീസർ